(ബി) ഈ പദ്ധതി അനുസരിച്ച് ഓരോ ഗുണഭോക്താവിനും ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി ഗ്രാമപ്രദേശങ്ങളിൽ ഉള്ളവർക്ക് 38,000 രൂപയും നഗര പ്രദേശങ്ങളിലുള്ളവർക്ക് 48,000 രൂപയും (സർക്കാർ സബ്സിഡിയായി 9000 രൂപ ഉൾപ്പെടെ) വായ്പാ സഹായം നൽകാനാണ് വിഭാവനം ചെയ്തിരുന്നത്. ഗുണഭോക്താവിന്റെയും സന്നദ്ധ സംഘടനയുടെയും വിഹിതം 1000 രൂപ വീതമായിരിക്കും. ഗുണഭോക്താവിന്റെ മാസവരുമാനം 1800 രൂപയിൽ താഴെയായിരിക്കണം. 13.5% പലിശ നിരക്കിൽ 168 മാസ തവണകളായി വായ്പ തുക തിരിച്ചടയ്ക്കേണ്ടതുമാണ്.

(സി) 2003-04 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിരുന്നില്ല.

(ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ) സുരക്ഷ ഭവന പദ്ധതി എന്ന് പുനർനാമകരണം ചെയ്ത ഭൂമൈത്രീ പദ്ധതിക്ക് ഇപ്പോൾ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. സുരക്ഷ ഭവന പദ്ധതിക്ക് 2004-05-ലെ ബഡ്ജറ്റിൽ 1000 രൂപ നാമമാത്രമായി വകയിരുത്തിയിട്ടുണ്ടെങ്കിലും കൂടുതൽ തുക അനുവദിക്കാത്തതിനാൽ ഇതുവരെ ഒന്നും ചെലവഴിച്ചിട്ടില്ല.

കോളേജുകളിലെ അദ്ധ്യാപക പുനർവിന്യാസം

*19 [50:i] ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ഡോ. തോമസ് ഐസക് :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-ഡിഗ്രി വേർപ്പെടുത്തലിനെ തുടർന്ന് ഗവ. കോളേജുകളിലും എയിഡഡ് കോളേജുകളിലും അധികംവന്ന അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) എയിഡഡ് കോളേജുകളിൽ വിവിധ വിഷയങ്ങളിൽ അധികമായി തുടരുന്ന ലക്ചറർമാരെ സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകളിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പുനർവിന്യസിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) അദ്ധ്യാപകരുടെ പുനർവിന്യാസം സംബന്ധിച്ച് 99-ൽ ഇറക്കിയ ഉത്തരവിൽ അധികം വന്ന അദ്ധ്യാപകരെ പുതിയ കോഴ്സുകൾ അനുവദിച്ച് കോളേജുകളിൽ തന്നെ നിലനിർത്താൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രീ-ഡിഗ്രി വേർപ്പെടുത്തലുമായി ബന്ധപ്പെട്ട് ഇനിയും പുനർ വിന്യസിക്കാത്ത എത്ര അദ്ധ്യാപകരുണ്ട്;

(ഇ) സർക്കാർ എയിഡഡ് കോളേജുകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(എഫ്) അടുത്തവർഷം പുതിയ കോഴ്സുകൾ നൽകി ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം ഉണ്ടാക്കാൻ തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) പ്രീ-ഡിഗ്രി വേർപ്പെടുത്തലിനെ തുടർന്ന് സർക്കാർ കോളേജുകളിൽ അധികമായി വന്ന എല്ലാ അദ്ധ്യാപകരെയും പിന്നീടുണ്ടായ ഒഴിവുകളിൽ നിയമിച്ചിട്ടുണ്ട്.

എയിഡഡ് കോളേജുകളിൽ അധികമായി വന്ന 156 ജൂനിയർ ലക്ചറർമാരെ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിലും 104 ലക്ചറർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് പുനർവിന്യസിച്ചു. ഫിസിക്കൽ എഡ്യൂക്കേഷൻ ജൂനിയർ ലക്ചറർമാരെ സർക്കാർ വെക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്. ഒരു മാനേജ്മെന്റിന് കീഴിലുള്ള കോളേജിലെ ജൂനിയർ ലക്ചറർമാരെ അതേ മാനേജ്മെന്റിന് കീഴിലുള്ള ഹയർസെക്കണ്ടറി സ്കൂളുകളിലേക്കും പുനർവിന്യസിച്ചിട്ടുണ്ട്.

വിവിധ കാരണങ്ങളാൽ കോളേജുകളിൽ വീണ്ടും തുടർന്നുവന്ന എല്ലാ ജൂനിയർ ലക്ചറർമാരെയും സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് 1-11-2004-ലെ ജി.ഒ.(ആർ.റ്റി.)1469/04/ഉ.വി.വ. പ്രകാരം വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പുനർവിന്യസിക്കുവാൻ ഉത്തരവായിട്ടുണ്ട്. കോളേജുകളിൽ അധികമായി കണ്ടെത്തിയ ലക്ചറർമാരെ സർക്കാർ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് പുനർവിന്യസിക്കാൻ ഉത്തരവായെങ്കിലും ഈ ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) അദ്ധ്യാപകരുടെ പുനർവിന്യാസം സംബന്ധിച്ച് 99-ൽ സർക്കാർ ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) 356 ലക്ചറർമാർ എയിഡഡ് കോളേജുകളിൽ പുനർവിന്യസിക്കാനുണ്ട്. ജൂനിയർ ലക്ചറർമാരെ എല്ലാവരെയും പുനർവിന്യസിച്ചുകൊണ്ട് സർക്കാർ ഉത്തരവായെങ്കിലും കോടതി വിധിയുടെ അടിസ്ഥാനത്തിലും സ്വന്തം ഉത്തരവാദിത്വത്തിലും ചിലർ കോളേജുകളിൽ തുടരുന്നുണ്ട്. ഇവരുടെ എണ്ണം ശേഖരിച്ചുവരുന്നു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിലായി നിലവിൽ 206 ഒഴിവുകൾ ഉണ്ട്. എയിഡഡ് കോളേജുകളിൽ നിലവിലുള്ള ഒഴിവുകൾ തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(എഫ്) പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

സർക്കാർവക ഭൂമിയിൽ അനധികൃത കൈയേറ്റം ഒഴിവാക്കാൻ നടപടി

*20 [506] ശ്രീ. കോവൂർ കുഞ്ഞുമോൻ :
,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വക ഭൂമികളിലെ അനധികൃത പ്രവേശനം നിരോധിക്കുന്നതിനും, കൈയേറ്റക്കാരുടെമേൽ യഥാസമയം ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും, റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അനുമതി കൂടാതെ സർക്കാർ വക ഭൂമിയിൽ താല്കാലികമായും, സ്ഥിരമായും കെട്ടിടങ്ങളും, ഭിത്തികളും ഉൾപ്പെടെയുള്ളവ നിർമ്മിച്ചിട്ടുള്ളതിനെതിരെ റവന്യൂ വകുപ്പ് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എടുത്തിട്ടുള്ള നടപടികളെപ്പറ്റി വിശദമാക്കാമോ;

(സി) റോഡിന്റെ ഇരുവശത്തുമുള്ള സർക്കാർ വക ഭൂമിയിൽ അമ്പലങ്ങളുടെയും പള്ളികളുടെയും പേരിൽ അനധികൃതമായി നടത്തുന്ന കൈയ്യേറ്റം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കൈയേറ്റക്കാർക്കെതിരെ കേരള ഭൂ സംരക്ഷണ നിയമപ്രകാരം കേസ് ബുക്ക് ചെയ്തു പിഴ ഈടാക്കി ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) അനുമതി കൂടാതെ സർക്കാർ വക ഭൂമിയിൽ നിർമ്മിച്ച കെട്ടിടങ്ങൾ, ഭിത്തികൾ എന്നിവ നിർമ്മിച്ചതിനെതിരെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസിന്റെ സഹായത്തോടെയും അല്ലാതെയും അനധികൃത കൈയേറ്റങ്ങൾ നീക്കം ചെയ്തിട്ടുണ്ട്. കേരള ഭൂ സംരക്ഷണ നിയമ പ്രകാരം പത്തനംതിട്ടയിൽ 138, മലപ്പുറം 129, പാലക്കാട് ജില്ലയിൽ 2662 വയനാട് 25 കേസുകൾ എടുത്തിട്ടുണ്ട്.

(സി) കൈയേറ്റം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly